# ആലുവയിൽ ഇരുപത് കിലോ നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി.

ഇരുപത് കിലോയോളം നിരോധിത പുകയില ഉൽപ്പന്നങ്ങളുമായി അതിഥി തൊഴിലാളികൾ പിടിയിൽ. ചൊവ്വാഴ്ച ഉച്ചയ്ക്ക് രണ്ടരയോടെ ഷാലിമാർ എക്സ്പ്രസ് ട്രെയിനിൽ ആലുവ റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങിയ അതിഥി തൊഴിലാളികളെ റൂറൽ ജില്ലാ പോലിസ് മേധാവി കെ. കാർത്തികിൻറെ നേതൃത്വത്തിൽ നടത്തിയ മിന്നൽ പരിശോധനയിലാണ് പുകയില ഉൽപ്പന്നങ്ങൾ പിടികൂടിയത്. കൽക്കത്തയിൽ നിന്നും ആലുവയുടെ വിവിധ ഭാഗങ്ങളിൽ ജോലിയ്ക്ക് എത്തിയവരാണ് ഇവർ. ബാഗിൽ ഒളിപ്പിച്ച നിലയിലാണ് നിരോധിത ഉൽപ്പന്നങ്ങൾ കണ്ടെത്തിയത്. ഇതുമായി ബന്ധപ്പെട്ട് പതിനഞ്ച് പേർ ക്കെതിരെ ആലുവ പോലിസ് കേസെടുത്തു. നർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി കെ .അശ്വിൻകുമാർ, ആലുവ എസ്.എച്ച്.ഒ പി എസ് രാജേഷ്, എസ്.ഐ.മാരായ ആർ .വിനോദ് , വിപിൻചന്ദ്ര, സി.പി.ഒ മാരായ കെ.കെ. രാജേഷ്, കെ.എൻ. ശ്യാംകുമാർ, എം.എം പ്രിയ, എ.ആർ.സിജി, എന്നിവരും അന്വേഷണ സംഘത്തിലുണ്ടായിരുന്നു. കഴിഞ്ഞ മാസം പെരുമ്പാവൂരിൽ നിന്നും ലക്ഷക്കണക്കിന് രൂപയുടെ നിരോധിത പുകയില ഉൽപ്പന്നങ്ങൾ റൂറൽ പോലിസ് പിടികൂടിയിരുന്നു.